
ഗവ.ഹൈസ്കൂൾ,
തച്ചങ്ങാട്
പച്ചതൊട്ട്
മഞ്ഞായവർ
ഡിജിറ്റൽ മാഗസിൻ
2020 ജനുവരി

## എഡിറ്റോറിയൽ ബോർഡ്

- ചീഫ് എഡിറ്റർ : എം. ഭാരതി ഷേണായ്
- സ്റ്റാഫ് എഡിറ്റർ : അഭിലാഷ് രാമൻ
- സ്റ്റുഡന്റ് എഡിറ്റർ : അദ്വൈത് എ

### എഡിറ്റോറിയൽ ബോർഡ്

- വിജയകുമാർ .എ
- ഡോ.സുനിൽ കുമാർ.കെ
- സജിത. പി
- മനോജ് പീലിക്കോട്
- ശ്രീജ.എം
- മുത്തുന കെ
- കാർത്തിക് കെ
- ഉണ്ണിക്കണ്ണൻ .ജി.എസ്
- തേജസ്.കെ
- അനിൽ കൃഷ്ണ
- ആസിയാബി .കെ. കെ
- ആദിത്യൻ പി.സി
- സ്വസ്തിക് . കെ . എസ്

# എഡിറ്റോറിയൽ

ഒരു ഡിജിറ്റൽ മാഗസിൻ കൂടി പിറവിയെടുത്തിരിക്കുന്നു.സ്കൂളിന്റെ സർഗ്ഗാത്മകമായ സ്പന്ദനം മാത്രമല്ല ഈ ഡിജിറ്റൽ പതിപ്പ്. മണ്ണിന്റെയും അതിൽ നിറഞ്ഞുനിൽക്കുന്ന ഓരോ ജീവിതവും ഇതിൽ നിറഞ്ഞു ചേർക്കപ്പെട്ടിട്ടുണ്ട്. ലോകത്തിന്റെ ആഹ്ലാദങ്ങൾക്കൊപ്പം ആകുലതകളും വരക്കപ്പെട്ടിട്ടുണ്ട്. ലോകത്തിന്റെ പുതിയ മാറ്റം, മാറ്റങ്ങൾക്കുവേണ്ടിയുള്ള നിലവിളി, മാറാൻ പാടില്ലാത്ത പ്രകൃതിയുടെ താളം ഇവയൊക്കെയും പലരൂപത്തിൽ ഇതിൽ ഉൾച്ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്. വർത്തമാനകാലം ആകുലമാകുമ്പോൾ അതിനോടുള്ള പ്രതിഷേധവും പ്രതികരണവും ഇതിലുണ്ട്. അതുകൊണ്ടാണ് ഈ മാഗസിന് "പച്ചതൊട്ട് മഞ്ഞയായവർ"എന്ന പേര് തന്നെ നൽകിയത്. പച്ചയില്ലാത്ത ലോകത്തെ നമുക്ക് സങ്കല്പിക്കാൻ പോലും സാധ്യമല്ല. അതിലൂടെത്തന്നെയാണ് മഞ്ഞും വെള്ളവുമൊക്കെ കിനിഞ്ഞിറങ്ങുന്നത്. നാമൊക്കെ ഒരു തരത്തിൽ പച്ചതൊട്ട് മഞ്ഞാകാൻ ആഗ്രഹിക്കുന്നവരാ...അതാണ് നല്ല ജീവിതവും..ഡിജിറ്റൽ കാലത്തും മനസ്സിൽ പച്ചചേർത്തുപിടിക്കാൻ, മഞ്ഞായി മാറാൻ നമുക്ക കഴിയട്ടെ..ഈ ഡിജിറ്റൽ മാഗസിൻ അത്തരമൊരു ലക്ഷ്യത്തെ സാധൂകരിക്കാൻ ശ്രമിക്കുന്നു.

സ്നേഹത്തോടെ.
സ്റ്റുഡന്റ് എഡിറ്റർ

4 കവിതകൾ

# വരണ്ടുപോയ സ്നേഹം



മന്യ മണികണ്ഠൻ

## ഒന്ന്.

എന്നുള്ളിൽ തെളിഞ്ഞു
സ്നേഹത്തിൻ തിരിനാളം
എന്നും ഞാൻ കൊതിക്കുന്ന
മധുര ചുംബനങ്ങളായ്
ഉണരുന്നു എൻ മോഹ സല്ലാപങ്ങൾ
എൻ പാണിയെത്താത്ത നിൻ മോഹവഴികളിൽ
എന്നും ഞാൻ ഉണരും നിലാപ്പക്ഷിയായ്
നിൻ മിഴി തുറന്നതെൻ ഇടനെഞ്ചിനുള്ളിൽ
ഞാൻ പറയാതെ കൊതിച്ചൊരാ –
നിമിഷ സ്വപ്നങ്ങൾ
എന്നുള്ളിൽ നീ കൊളുത്തിയ സ്നേ ഹത്തിൻ
തിരിനാളം എന്നും ഞാൻ അണയാതെ കാത്തു വച്ചു
നീ തന്ന സങ്കല്പ ചാരുതിയിൽ
നീരാടിയ തുളുമ്പുന്നു ഞാൻ
വിളക്കിൻ തിരിനാളം കത്തിത്തീരുന്നോ?
എൻ മുഖം പാടെ നീ മറന്നിടുന്നോ

കൊതിക്കുന്നു ഞാൻ നിന്റെ സ്നേഹ സാന്ത്വ ന ങ്ങൾ

എൻ മിഴിക്കോണിലെ ചിത്രശലഭമായ് നീ

ചിരി പൊഴിക്കുന്ന്യ ആമ്പൽ പോലെ

അകലരുതേ നീ

എൻ മിഴിക്കോണിൽ നിന്നും മായരുതേ

നീ എൻ അഗത്തിൽ സൂക്ഷിച്ച

സ് നേഹപ്പൊതിയിലെ വിളക്കിൽ നിന്നും.

## രണ്ട്

തീരാപകയിൽ നീ

കത്തിജ്വലിക്കുന്ന സൂര്യനെപോലെ നീ

കരിമ്പട്ട ചുറ്റിയന്നാവേളയിൽ

ചുറ്റിപ്പറക്കുമാ കുഞ്ഞിളം പക്ഷിയെ

ഒന്നു കണ്ട ഭാവം പോലും നടിച്ചിടാതെ

ഈ വിശ്വ മനോഹര പ്ര കൃതിയിൽ

എന്തിനു നിനക്കീ വാശിയും പകയും

സായാഹ്ന മേഘങ്ങൾ ഓടിക്കളിക്കുന്ന

ആകാശ വീചി നീ ഓർത്തിടാതെ

തീരാ പകയുടെ തീരാത്ത ജ്വലനത്തിൽ

ഉജ്ജ്വലിച്ചങ്ങു നീ ഉയർന്നിടുമ്പോൾ

തിളയ്ക്കുന്ന .ജലത്തിൽ നിന്നുയരുന്ന

നീരാവി വീണ്ടും ജലമായി തീരുന്ന പോലെ

ഉയരുന്ന പകയിൽ നിന്നുയരുന്ന വാശിയിൽ

നിന്നെന്നു നീ പുഞ്ചിരി തൂകിടും

ആ ചുറ്റിപ്പറന്ന കുഞ്ഞിളം പക്ഷിയെ

നോക്കി നീ എന്നു പുഞ്ചിരിക്കും

എന്നും തിളച്ചാൽ എന്നും ജ്വലിച്ചാൽ

ആമോദം. എന്നും നിനക്കു കിട്ടും

തേടിയ വള്ളി നീ കാലിൽച്ചുരുളാൻ

കാത്തിരുന്നിട്ടെന്തേ, .മനസ്സിലെ

സ്നേഹം കോരിച്ചൊരിയിക്കും

സായാഹ്ന മേഘമായ് നീ പുണരൂ.

## മൂന്ന്

എൻ അകതാരിൽ വി രിയുന്നു

മധുര നൊമ്പരം

എൻ മിഴി രണ്ടും നിറയുന്നു

പ്രണയത്തിൻ കണ്ണീരാൽ

ഒരു വാക്കു മിണ്ടാനെൻ

നാവോ തുടിക്കുന്നു

എന്റെ കൈ എത്താത്ത

ദൂരത്ത് നിന്ന്

നിൻ കണ്ണാ ലേ എ

ന്നെ മാടി വിളിച്ചില്ലേ

അന്നു ഞാൻ കാണാത്ത

ഭാവം നടിച്ചാലും

ഇന്നെന്റെ ഹൃദയത്തിൽ

ശോകം തിരതല്ലുന്നു

എന്നുള്ളിലെന്തോ മോഹം വിടരുന്നു

ഒന്നു പൊട്ടിക്കരഞ്ഞീടാൻ

തുടിക്കുന്ന എന്റെ ഹൃദയം

മലർ ഗന്ധം ഞാനാകെ കോരിയെടുത്തു

എന്റെ ദുഖത്തിൻ

തീ അണയ്ക്കിനായി

ഒരു ഗീതം.

## നാല്

എന്റെ ചില്ലയിൽ വെയിലായ് പൊഴിഞ്ഞു നീ.....
സ്വപ്ന സഞ്ചാരിയായ് ഞാൻ പറന്നു.
മുറിവേൽപ്പിച്ചു നീയെൻ മനസ്സിനെ
ഇന്നതുണങ്ങാതെ  മുറിവായി നീറുന്നു
കരയുവാനെന്റെ മിഴികൾ തുടിക്കുന്നു.
പതറുമോർമയിൽ നിൻ മുഖം മാത്രമായ്.
എന്റെ കണ്ണു നനഞ്ഞു .. സഖാവേ,

നിന്റെ ഓരോ വാക്കിൽ മുനയിലും ചുട്ടുപൊള്ളിക്കും
വെയിലിനെക്കാളും ചുട്ടുപൊള്ളിച്ചു നീയെൻ മനസ്സിനെ..
എന്റെതാണെന്ന ചിന്തയിൽ മാത്രം
ഞാൻ യോരം വാക്കും ചുമന്നു പോയ് ഇടറും
വഴികളിൽ പതറിഞ്ഞാൻ നിന്നപ്പോൾ,
കാവലായ് വന്നു നിന്റെയോരോ വാക്കും.
രാത്രി വന്നന്റെ കവിളിൽ തലോടുമ്പോൾ
നിന്റെ മുഖം വന്നെൻ കണ്ണു നനയ്ക്കും.
ഓർമ ചുംബിച്ച മധുരസ്മൃതികൾ
ഓർത്തു ഞാനിന്ന് കണ്ണീരിൻ നനവോടെ

ഉള്ളു നൊന്തു ഞാൻ തേടുന്ന നിന്റെയാ ഇഷ്ടമില്ലായ്മ
എന്തുകൊണ്ടാണെന്ന് പണ്ടു നിന്നോട് കഥ ചൊല്ലി
കൊഞ്ചിയ പോയ കാലം കൊതിച്ചു പോകുന്നു ഞാൻ.
ഇനിയുള്ള കാലം നീ എന്റെതാകില്ലെന്ന,

ചിന്തയിന്നൊന്നും മരിക്കാൻ പറയുന്നു .

ഇനി യാ പോയ കാലം പുതുക്കീടാൻ എന്തു ചെയ്യണം

മൊഴിയൂ സഖാവേ....

ഓർമ പറയുന്നു നീയെന്റെ താണെന്ന്

കാലം തെളിച്ചു നീയെന്റെ തല്ലെന്ന്

ഞാനിന്നു പാടുന്നു

കണ്ണീരിൻ നനവോടെ

നിന്റെയുള്ളിൽ ഞാനുള്ള യാ കാലത്തക്കായ്.

ചരിത്രപഠനം

# ബേക്കലിന്റെ ചരിത്രപടവുകളിലേക്ക്



അക്ഷയ എ

## ആമുഖം

കാലഹരണപ്പെട്ടുപോയ പലതിനെയും കുറിച്ചുള്ള വിശാലമായ ചരിത്രം. ബേക്കൽ എന്ന പ്രദേശത്തിന്റെ വികാസ ചരിത്രമാണ് ഈ പ്രബന്ധത്തിലൂടെ അനാവരണ ം ചെയ്യുന്നത്.മലബാറിന്റെ ചരിത്രം പഠനാർഹവും ദീപ്തവുമാണ്. പുതിയ തലമുറയ്ക്ക് ഈ പ്രദേശത്തിന്റെ ഈടുറ്റ ചരിത്രസാക്ഷ്യങ്ങൾ സഞ്ചയിച്ചു വെക്കുക എന്ന ക്ലേശകരവും അത്യന്തം സങ്കീർണ്ണവുമായ ദൗത്യമാണ് ഇതിലൂടെ നിർവ്വഹിക്കുന്നത്. ചരിത്രം ജനസൃഷ്ടിയാണ്. ഏതൊരു സാമൂഹ്യ ഘടനയ്ക്കും സാമ്പത്തികമായ ഒരിടത്തറയും സാമ്പത്തി കേതരമായ ഒരു മേൽപ്പുരയുമുണ്ട്. ഉൽപ്പാദന ശക്തികളും ഉൽപ്പാദന ബന്ധങ്ങളും ചേർന്നുണ്ടാകുന്ന ഉൽപ്പാദന വ്യവസ്ഥയാണ് സാമ്പത്തികമായ അടിത്തറ. അതുകൊണ്ട് തന്നെ ചരിത്രത്തിന്റെ നിയാമക ശക്തി ഉൽപ്പാദനവ്യവസ്ഥയിൽ വരുന്ന മാറ്റമാണ്. ബേക്കലിന്റെ ചരിത്ര വസ്തുതകളെ വിലയിരുത്തുന്ന ഈ പ്രബന്ധം മറഞ്ഞു പോയക്കാലങ്ങൾ നമുക്കുമുന്നിൽ ബാക്കി വച്ച അടയാളങ്ങളെ കൂടി സാക്ഷ്യപ്പെടുത്തുന്നു.

## പേര് വന്ന വഴി

തദ്ദേശീയനായ ബേക്കൽ രാമനായ്ക്കന്റെ അഭിപ്രായത്തിൽ

ബേക്കൽ എന്ന പദം ബാല്യക്കുളം(വിലയക്കുളം) എന്ന പദം ലോപിച്ച് ഉണ്ടായതാണ്. ഈ പേര് ബേക്കുളമെന്നും പിന്നീട് വാമൊഴിയിലൂടെ ഇന്നത്തെ ബേക്കലം എന്നതിലേക്കും രൂപാന്തരപ്പെട്ടു.

<u>ഭൂപ്രകൃതി</u>

അറബികടലിന്റെയും പശ്ചിമഘട്ട മലനിരകളുടെയും ഇടയിൽ കടലിനോട് തൊട്ടുരുമ്മി നിൽക്കുന്ന കൊച്ചു പ്രദേശമാണ് ബേക്കൽ. ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയെ ദ്ധ ന്ന് മേഖലകളായി തിരിക്കാം. തീരദേശം, മലനാട് ,ഇടനാട് എന്നിങ്ങനെ കടലോരത്ത് നിന്ന് തുടങ്ങി കിഴക്കോട്ട് കൂടിയത് 3 കിലോമീറ്റർ വീതിവരെ വ്യാപിച്ചുകിടക്കുന്ന നേരിയ മേഖലയാണ് തീരദേശം . സമുദ്രനിരപ്പിൽ നിന്നും ഏകദേശം 10 മീറ്റർ വരെ ഉയരുള്ളതും മണലും ഏക്കൽമണ്ണും കൂടിയതുമായ പ്രദേശമാണിത്. ബേക്കലിൽ 45 മുതൽ 60 വരെ ഉയരമുള്ള കുന്നിൻ പുറങ്ങളായ പ്രദേശങ്ങളുണ്ട്. കിഴക്കൻ പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ ജനനിബിഡമായ പ്രദേശം കൂടിയാണിത്. കൃഷിയും, മത്സ്യ ബന്ധനവുമാണ് സാധാരണ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗങ്ങൾ. കൃഷിയിടങ്ങളെ നയ്ക്കുകയും മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തുകയും ചെയ്യുന്ന പുഴകൾ ആധുനിക പൂർവ്വകാലഘട്ടത്തിൻ സഞ്ചാര മാർഗങ്ങളായും വർത്തിച്ചിരുന്നു. ഭൂപ്രകൃതി ഇവിടുത്തെ ജൈവ വൈവിധ്യത്തിനും ആവാസ വ്യവസ്ഥ രൂപമെടുക്കുന്നതിനും നിർണായക ഘടകമാണ് .

<u>ബേക്കൽ ജനത</u>

ബേക്കൽ എന്ന പ്രദേശത്ത് ജനവാസം എന്ന് തുടങ്ങി എവിടെയൊക്കെയാണ് വാസസ്ഥലങ്ങൾ പ്രത്യക്ഷപ്പെട്ടത് എന്നതിനെക്കുറിച്ച് വ്യക്തമായി പറയാൻ സഹായിക്കുന്ന

തെളിവുകളൊന്നും കണ്ടെത്താനായിട്ടില്ല. പ്രാചീനശിലായുഗത്തിൽ തന്നെ മനുഷ്യരുണ്ടായിരിക്കാൻ സാധ്യതയുണ്ട്. നവീന ശിലായുഗത്തിൽ ഇവിടങ്ങളിൽ ജനങ്ങൾ പുഴയോരങ്ങളിൽ മത്സ്യം പിടിച്ചും കാട്ടുകളിൽ വേട്ടയാടിയും ഇരതേടി ജീവിച്ചിരിക്കാമെന്ന് ന്യായമായും ഊഹിക്കാം. പള്ളിക്കര പഞ്ചായത്തിൽ നിന്നും നവീനശിലായുഗ ജീവിത വ്യവസ്ഥ സൂചിപ്പിക്കുന്ന നിരവധി സ്മാരകങ്ങൾ ലഭിച്ചിട്ടുണ്ട്. ഇന്ന് ഇവിടം ഭൂരിഭാഗവും മുക്കവരും മാപ്പിളമാരുമാണ് അധിവസിക്കുന്നത് ,കൂടെ കുറച്ച് തീയ്യരും കച്ചവടക്കാരായ കൊങ്കിണികളും ഉണ്ട്. കൃഷിയായിരുന്നു മാപ്പിളമാരുടെ പ്രധാന ഉപജീവന മാർഗം. മുക്കവർക്ക് പ്രബലമായ രണ്ട് വിഭാഗങ്ങളുണ്ട് മുന്നില്ലക്കാരും, നാലില്ലക്കാരും. ബേക്കലിലെ മുക്കവർ നാലില്ലക്കാരാണ്. ബേക്കലിലെ ജനങ്ങളിൽ ഭൂരിഭാഗം പേരും ഇന്ന് ഏതപ്പെട്ടിരിക്കുന്നത് പേപ്പർ ബേഗ്, ചന്ദനത്തിരി ,പപ്പടം, കുട നർമാണം എന്നീ മേഖലകളിലും ഏർപ്പെട്ടുവരുന്നു. ഈ പദ്ധതികളൊക്കെ തന്നെ ബേക്കൻ ടൂറിസത്തിന്റെ ഭാഗമായി ചെയ്തുവരുന്നു.

## തുറമുഖം

കാസർഗോഡ് ജില്ലയുടെ പടിഞ്ഞാറ് ഭാഗം 82 km ദൂരത്തിൽ നിണ്ടുനിവർന്നു കിടക്കുന്ന കടലോരമാണ് . മത്സ്യബന്ധനത്തിനും ഉപ്പുണ്ടാക്കുന്നതിനും കടൽ തീ ഉപയോഗപ്പെടുത്തുന്നു .കടലോരം നദിമുഖവും ചേർന്ന് രൂപപ്പെട്ട തുറമുഖമാണ് ബേക്കൽ തുറമുഖം കടൽ തീരം. ഫ്രഞ്ചുകാരുൾപ്പെടെയുള്ള വിദേശനാട്ടുകളുമായും മലബാറിന്റെ പല ഭാഗങ്ങളുമായും പശ്ചിമ തീരത്തെ തുറമുഖ പട്ടണങ്ങളുമായും ബന്ധം സ്ഥാപിക്കാനുള്ള പാതായനങ്ങളായി നിലക്കൊണ്ടും മെർക്കാര, സുള്ള്യ എന്നിവിടങ്ങളിലെ വിഭവങ്ങൾ ബേക്കൽ തുറ മുഖത്തെത്തിച്ചത്
ബന്തടുക്ക വഴിയായിരുന്നു. അറേബ്യയിൽ നിന്നുള്ള നല്ലയിനം കുതിരകളെ

മൈസൂരിന് വേണ്ടി ഇറക്കുമതി ചെയ്തിരുന്നത് ബേക്കലിലൂടെയായിരുന്നു. ആദ്യകാലങ്ങളിൽ ബേക്കൽ തുറമുഖം വഴിയുള്ള വാണിജ്യ പ്രധാന്യമാണ് ഭരണാധികാരികളെ ബേക്കൽ കീഴടക്കാൻ പ്രേരിപ്പിച്ച പ്രധാനഘടകം.

<u>ബേക്കലിൽ നായ്ക്കന്മാർ</u>

16-ാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ 18ാം നൂറ്റാണ്ടിന്റെ ആദ്യ പകുതി വരെ കാസർകോഡ് ജില്ല പടയോട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചു.തിളക്കോട്ടയുദ്ധത്തോടെ വിജയനഗര സാമ്രാജ്യം തകരുകയും വിജയനഗരത്തിന്റെ സാമാന്തസാരമായ കേളദി നായ്ക്കന്മാർ,( ഇക്കേരി രാജവംശം ) പ്രബല രാഷ്ട്രീയ ശക്തിയായി വളർന്നു വരികയും ചെയ്തു. ഇക്കേരി ഹിരിയവെങ്കിട നായ്ക്ക, വെപ്പനായ്ക്ക, സോമശേഖരനായ്ക്ക ഇടങ്ങിയവർ ഇക്കരി നായ്ക്കന്മാരിൽ പ്രാധാനികളാണ്. തുറമുഖങ്ങളിലൂടെ ലഭിക്കുന്ന ചുങ്കമായിരുന്നു അവരുടെ പ്രധാന ലക്ഷ്യം . ഈ ലക്ഷ്യത്തിലെത്താൻ ജില്ലയുടെ വിവിധ ഭാഗങ്ങളിലി വർ കോട്ടകൾ പണിതു സംരക്ഷിച്ചു. ചരക്കുകളുടെ സുഗമമായ നീക്കത്തിന് വേണ്ടി പാതയോരങ്ങളിൽ കോട്ടകൾ കെട്ടുകയുണ്ടായി. സുള്ള്യയിൽ നിന്ന് ബേക്കലിലേക്ക് നീളുന്ന സഞ്ചാര പാതയിലാണ് ബന്തടുക്ക, കുണ്ടംകുഴി,പനയാൽ, കോട്ടകൾ സ്ഥിതി ചെയ്യുന്നത്. ബേക്കൽ ഉൾപ്പെട്ട പ്രദേശത്തിനായി കോലത്തിരിയും നായ്ക്കരും നിരന്തരം ഏറ്റുമുട്ടുകയുണ്ടായി.

<u>ടിപ്പുവും ബേക്കലും</u>

1763 ൽ ബദനൂർ ആക്രമിച്ച് നായ്ക്കന്മാരുടെ ഭരണത്തിന് അന്ത്യം കുറിച്ച് ഹൈദരാലി 1765 ൽ കര, കടൽ, മാർഗ്ഗങ്ങളിലൂടെ തെക്കോട്ട് നീങ്ങുകയും കാസർഗോഡൻ പ്രദേശങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. തുടർന്ന് ടിപ്പുനടത്തിയ പടയോട്ടം കാസർഗോഡിനെ മൈസൂരിന്റ

ഭാഗമാക്കി. ബേക്കലിൽ ടിപ്പുവിന്റെ ഭരണ കേന്ദ്രം സ്ഥാപിച്ചു. ബേക്കലായിരുന്നു താവളം .ടിപ്പുവിന് എതിരായി കലാപം നടത്തിയ നീലേശ്വരം രാജാവിനെ ബേക്കലിൽ 1787 ൽ തൂക്കിലേറ്റിയതിന് തെളിവുകളുണ്ട്. 1792 ൽ നടന്ന മൂന്നാം മൈസൂർ യുദ്ധത്തിൽ പരാജയപ്പെട്ട ടിപ്പു മലബാർ ഉൾപ്പെടെ തന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ ഇംഗ്ലീഷ് കമ്പനിക്ക് നൽകി എങ്കിലും ബേക്കൽ ഉൾപ്പെടെയുള്ള കാസർഗോഡ് പ്രദേശം വിട്ടുകൊടുക്കുവാൻ തയ്യാറായിരുന്നില്ല. ഇതിന് പ്രധാന കാരണം ബേക്കലിന്റെ വാണിജ്യ പ്രാധാന്യം തന്നെയാണ്. ടിപ്പുവിന്റെ വാണിജ്യ സാമ്രാജ്യത്തിലെ പ്രധാന കേന്ദ്രം ബേക്കൽ തുറമുഖമായിരുന്നു. വാണിജ്യ വിളകൾ വ്യാപകമായതോടെ അതുമായി ബന്ധപ്പെട്ട് കച്ചവടം വളർന്നുവന്നു. ഉൽപന്നങ്ങളുടെ കയറ്റുമതിയും ഇറക്കുമതിയും വർധിച്ചു. തീര പ്രദേശങ്ങളിൽ തുറമുഖങ്ങൾ ഉയർന്നു വന്നു.1799 ൽ ശ്രീരംഗപട്ടണത്തുവച്ച് ബ്രിട്ടീഷുകാരുമായി ഏറ്റുമുട്ടി ടിപ്പു മരിച്ചു വീണപ്പോൾ ബേക്കൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഭാഗമായി മാറി. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് ബേക്കലിന്റെ നിയന്ത്രണം ലഭിച്ചപ്പോൾ ആദ്യം ബോംബൈ പ്രസിഡൻസിലൂടെ കീഴിലായിരുന്ന ബേക്കൽ പ്രദേശം പിന്നീട് ദക്ഷിണ കാനടയിലെ ഒരു താലൂക്കായി മാറി.

കഥ

# ഓർമ്മയെന്തൊരുവേദന



മനോജ് പീലിക്കോട്

മലയാളവിഭാഗം അധ്യാപകൻ

വണ്ടിയുടെ AC കമ്പാർട്ട്മെന്റ് അയാൾക്ക് നേർ മുന്നിൽ വന്നു നിന്നു. മഴവിൽ കണ്ണാടിയിലേക്ക് മുഖമുയർത്തി.

അതെ, അത് ദിവാകരൻ തന്നെ... തന്റെ രൂപം.മംഗലാപുരം റെയിൽവെ സ്റ്റേഷനിലെ വിണ്ടുകീറിയ സിമന്റ് തറയിൽ ഇരിക്കുന്ന ദിവാകരനെ അയാൾ കണ്ടു. കണ്ണാടിയിൽ. അതെ അത് അയാൾ തന്നെ. ജീവിത പ്രാരാബ്ധങ്ങൾ ഇറക്കുകയും കയറ്റുകയും ചെയ്യുന്ന കേരളത്തിന്റെ കർണാടക സ്റ്റേഷൻ.കിഴക്ക് ഭാഗത്തെ സിമന്റ് തറ.ഉടുതുണിയിൽ ധാരാളം മറുതുണിയുമുടുത്ത് ദിവാകരൻ ആരെയോ കാത്തിരിക്കുന്നു.പാളത്തിനെന്തൊരഹങ്കാരം.തന്റെ രണ്ട് കയ്യിൽ ഒറ്റയ്ക്ക് ഈ പുകവണ്ടിയെ ഞാൻ ചുമന്നു നിൽക്കുന്നു എന്നാകാം അഹങ്കാര ഹേതു. സിമന്റ് തറയിൽ ഇരിക്കുന്ന തന്നെ കണ്ട് ദിവാകരൻ വിശ്വസിക്കാൻ ശ്രമിച്ചു.കാഴ്ചകൾക്കൊക്കെ നിറം പിടിക്കുന്ന വർത്തമാനകാലത്ത് എനിക്കും നിറം പിടിച്ചോ? കൊതിച്ചി പട്ടികൾ ഒരു കീറുതുണിക്കായി കലപില മുഴക്കുന്നു.

തനിക്ക് സംഭവിച്ച മാറ്റം ഇന്നാണയാൾ കണ്ടത്. കാതിൽ ഒരായിരം ഇരമ്പൽ.എല്ലാം കുഞ്ഞുകുട്ടികളുടെ ശബ്ദം.അണ്ണാറക്കണ്ണൻ ഈമ്പിയ മാങ്ങ... നല്ല രസാല്ലേ? ചോദ്യം ഓർമ്മകൾ ഉണർത്തി.നെല്ലിയും പേരയും

മന്ദാരവും പുഞ്ചിരി തൂകുന്ന വിദ്യാലയ മുറ്റം' എവിടെയോ 'നോക്കി ചിരിക്കുന്ന രാഷ്ട്രപിതാവ്.

ആറാം ക്ലാസ്.... മലയാളം ക്ലാസ്സ്...

കുട്ടികളുടെ ഇഷ്ടമാഷ്.നല്ലോണം തല്ലും. ചീത്ത പറയും. എന്നാലും മാഷ് മതി .മാഷ് തന്നെ മതി.

വൈലോപ്പിള്ളിയുടെ മാമ്പഴം.

അങ്കണത്തൈമാവിൽ നിന്നാദ്യത്തെ പഴം...

കുട്ടികളുടെ കണ്ണിൽ സങ്കട നീർ... പാട്ട് നിർത്തി.

നന്ദിനി... അതാണവളുടെ പേര്. അതു തന്നെ മാഷ് ഉറപ്പിച്ചു. തടിച്ചുരുണ്ട കുസൃതി.

ഒരു ഭാവഭേദവുമില്ല. നിനക്കൊന്നും മനസ്സിലായില്ലേ? നിനക്കൊന്നും മനസ്സിലായില്ലേ?

മാഷേ ഒരു ചീത്ത പറഞ്ഞതിന് ഇങ്ങനെയൊന്നും നടക്കുലമാഷേ...

കാണാം.. ആ കാണാം മറുപടി.

പൂന്തോട്ടത്തിൽ പൂമ്പാറ്റകൾ വട്ടമിടുന്നു. മുട്ടയിടാനായി ഇലകളന്വേഷിക്കുന്നു. അവരറിയുന്നില്ല മുട്ടയിടുന്നത് ആയുസ് തീരുമ്പോഴാണെന്ന്.

വർഷം 8 കഴിഞ്ഞു.ദിവാകരനും പ്രഭമാഷും പിറന്നാളിന് ഉടുപ്പെടുക്കാൻ അതേ മംഗലാപുരം നഗരത്തിൽ .ഉടുപ്പെടുത്ത് വീണ്ടുകീറിയ റെയിൽവേ സ്റ്റേഷനിൽ പ്രഭ മാഷ് ടിക്കറ്റിനായി പോയി.

ദിവാകരൻ പ്ലാറ്റ്ഫോമിലെ വിണ്ടുകീറിയ സിമന്റ് തറയ്ക്കരികിൽ...

ഒന്നും മനസ്സിലായില്ല... മാഷേ എന്ന കരച്ചിൽ.. ഒപ്പം കെട്ടിപ്പിടിച്ച നിലവിളിയും. സ്ഥലം മംഗലാപുരം റെയിൽവേ സ്റ്റേഷൻ.ഞാൻ ഒരു പുരുഷൻ.

പെൺകുട്ടി... വളർന്ന ഒരു പെണ്ണ്.

ആളുകൾ കൂടുന്നു.... നിലവിളിയും.... ഞാനൊന്ന് വിളറി.. കുതറി.. പേടിച്ചു.. മുഖമുയർത്തി നോക്കി.

ഇത് നന്ദിനിയല്ലേ... അതെ.. ആറാം ക്ലാസ്സ് .ക്കൂടെയുള്ള കുട്ടി നന്ദിനിയെ മംഗലാപുരം റെയിൽവേ സ്റ്റേഷനിലെ വിണ്ടുകീറി യ സിമന്റ് തറയിൽ ഇരുത്തി. ആളുകൾ അകന്നു.

ഓർമ്മകൾക്കെന്തോരോർമ്മ

ഓർമ്മകൾ വട്ടം കറങ്ങാത്ത മാഷിന്റെ തലയിൽ നന്ദിനി ഓർമ്മയായ് ഓടിയെത്തി.' നെല്ലിമരവുംചിറകു വന്ന കല്ലുകളും പട്ടിണിയായ ചട്ടിണിയും എല്ലാം..

എന്താ മോളെയിത്? എന്ത് പറ്റി? മാഷ് പറഞ്ഞില്ലേ കാണാംന്ന്. കണ്ടു മാഷെ. എനിക്കൊന്നും മനസ്സിലായില്ല കണ്ണ് ഞാൻ തുടച്ചു.കണ്ണുനീരിന് ഉപ്പിന്റെ ചൂട്. മഞ്ഞിലെ വെയിലിന്റെ ചൂട്.

മാഷെ. എനിക്ക് ഒരു ബോക്സ് വാങ്ങി. എന്നോട് ചോദിക്കാതെ അനിയത്തി അതിലെ അളവ് കോൽ എടുത്തു.ഞാനമ്മയോട് പറഞ്ഞു. 'കുറച്ചേ ' പറഞ്ഞുള്ളൂ.

വൈകുന്നേരം ഞാൻ വരുമ്പോൾ കണ്ണീർ വാക്കിനെ മുറിച്ചു.ജനലഴിയിൽ മിണ്ടാതെ കയറിൽ .. നിലവിളി..

പോയി മാഷെ.. കണ്ടു മാഷേ....

മാഷന്ന് പറഞ്ഞില്ലേ... ഞാനെന്ത് പറയും.. എനിക്ക് നൽകാൻ സ്നേഹത്തോടെയുള്ള ആലിംഗനം മാത്രം.

മുന്നിൽ പുകവണ്ടി വന്നു നിന്നു. കൂട്ടുകാരിക്കൊപ്പം വണ്ടിയിൽ കയറ്റി. വണ്ടി തെക്കോട്ട്..

ഈ വേദനക്കെന്തൊരു വേദന.മൈക്കിൽ ശബ്ദം നിന്നിരുന്നില്ല.

മംഗലാപുരത്ത് നിന്നും ചെന്നൈവരെ പോകുന്ന 12065 ചെന്നൈ സൂപ്പർഫാസ്റ്റ് അല്പസമയത്തിനകം.. ഈ ലോകത്തോട് വിട പറയും.

കൈകൾ വായുവിൽ കഥ പറയുന്നു.

പിന്നെ ദിവാകരൻ മാഷ് ഭ്രാന്തനായി .ബുദ്ധിജീവിയായി.. അനേക കാലം കടന്നു.അതേ മംഗലാപുരം റെയിൽവേ സ്റ്റേഷനിലെ വിണ്ടുകീറിയ സിമന്റ് തറയിൽ വീണ്ടുമെത്തി.

വായിൽ നിന്ന് ഇംഗ്ലീഷ്

Suicide is an art, fantastic Art

മുന്നിൽ നിന്ന പുകവണ്ടി ക്കൂകി.വിളി ച്ചു. മാഷ് ഉണർന്നു.

ജീവിതത്തോട് താൽപര്യം വന്നോ? അറിയില്ല. തെക്കോട്ട് വണ്ടി പോയ വഴിയേ നടന്നു. തെക്കോട്ട്. അപ്പോഴും അവിടെ ബാക്കിയായി.മംഗലാപുരം റെയിൽവേ സ്റ്റേഷനിലെ വിണ്ടു കീറിയ സിമന്റ് തറ .

# സമസ്യാപൂരണം

ഡോ.കെ.സുനിൽകുമാർ
സംസ്കൃതവിഭാഗം അധ്യാപകൻ



जलाद्धि सृष्टिस्सकला समुत्थिता
कृतं हि मर्त्येन कणद्वयाज्जलम् ।
द्वयं च विस्मृत्य करोति कर्म यः
जनो जलं पातुमहो प्रगच्छति

u - u / - - u / u - u /- u -
जलाद्धि / सृष्टिस्स/ कला स/ मुत्थिता
u - u /- - u / u - u /- u -
कृतं हि /मर्त्येन / कणद्व/ याज्जलम् ।
u - u / - - u /u - u / - u -
द्वयं च /विस्मृत्य / करोति / कर्म यः
u - u / - - u/ u - u /- u u
जनो ज/लं पातु/ महो प्र/ गच्छति

..............................

## സംസ്കൃതം കവിത



ഡോ.കെ.സുനിൽകുമാർ
സംസ്കൃതവിഭാഗം അധ്യാപകൻ

# जालकदृश्यम्

सकलप्राणिहितेच्छुकमानवाः

कालगतिषु पतन्तः संप्रति

पिधाय स्वं हृज्जालकं नालोकयन्ति

हृदयभेदकपरिदेवनानि परेषां।

किमहं करिष्ये? किमसाध्यं मे?

इत्याद्युत्कटचिन्ता: तापयन्ति मां सदा ।

तत्तापसम्मर्दवायुना सहसा उद्घाटितं मे हृज्जालकम्।

आश्वासपूर्वं पश्यामि सुन्दरं तत् प्रकृतिचित्रं,

सन्तोषपूर्णा: मानवाः, जलसमृद्धो हि जलाशयाः,

पुष्पफलसमन्वितो वृक्षलताश्च,

जङ्गमवाण्यां रतास्ते पौरवृन्दाः

बहुविधवाहनपूर्णा : राजमार्गाः,

रम्यहर्म्याणि पश्यन्ति सर्वतः ।

बहुविधं मोदन्ते जनततयस्सदा! कुतो मन्मन: व्यथयतीदृशम्।

**मानसजालकम् उद्घाट्य मानवाः तप्तचित्रं न योजयन्ति हृत्प्रकोष्ठे**

प्रकृतिदुरन्तपीडिता: सर्वे दुरितमुखे वसन्ति नित्यम् ,

प्राणस्य भवनस्य अर्थस्य विभवस्य नष्टशोकात् ।

अम्भसा पूर्णा :जलाशयाः सर्वे मालिन्यसञ्चयदुःखिताश्च ।

मीनाश्च तद्वत् तेनोपजीव्याश्च कष्टकूपे वर्तन्ते नित्यम् ।

भिन्नभिन्नशाकाविभवैः मधुसिक्तफलसेविनो लोकाः

अर्बुदबाधया प्राणान् त्यजन्ति।

अर्बुदपीडिता: बहवो शिशव : हृज्जालकेन दृष्टिमायान्ति।

पश्यन्तु पश्यन्तु समन्ततः सर्वे ,अधोमुखं जनसञ्चयदर्शनाय।

ग्रीवानयनाद्यङ्गस्वास्थ्यं नाशितुं प्रभवेयं सञ्चारवाणी ।

जनगणे गृहाभ्यन्तरे मरणे विनोदे एकात्ममित्रं सैव हि।

रथ्यासु वीथिषु राजमार्गेषु यानान्यनेकानि चलन्ति नित्यम् ।

प्रतिजनं द्वित्रीणि यानानि परिपाल्य हरत्यसूनात्मनः परस्य च ।

गुहासु वृक्षशिखरेषु चोषिताः हर्म्येषु वसन्ति सखेदम्।

बहुधनपार्थिवविभवेन च सौधं विधाय

एकान्तवासं भजन्ते मोदात् ।

भिन्नरुचिर्हि लोकः पश्यति भिन्नानिदृश्यानि जालकेन।

आत्मसाहाय्यहार्यं हि दृश्यं पश्यन्तु सर्वे जालकद्वारा ।

## സംസ്കൃതം ഉപന്യാസം



ഡോ.കെ.സുനിൽകുമാർ
സംസ്കൃതവിഭാഗം അധ്യാപകൻ

# नवकेरलम् नवजीवनम्

**भारते विद्यमानेषु भूप्रदेशेषु सुखजीवितप्रदायको देशो भवति केरलम्। अत एव देशोऽ यं दैवतस्य स्वदेशः( god's own country)इति नाम्ना प्रसिद्धः।**

**समीपकाले बाधितं महादुरितं पुरस्कृत्य किञ्चिद् लिखामि-**

**देशस्यास्य पारिस्थितिकं प्रभावं,ऋतोः समत्वं, अतिवृष्ट्यनावृष्टेरभावः पवनगतिः,सूर्यातपशैत्ययोः सौम्यभावः इत्यादिकं पुरस्कृत्यैव तन्नामलाभ इति वक्तुं शक्नुमः। एतावत्पर्यन्तम् अतिमारकरूपेण प्रकृतिक्षोभेन केरसजनजीवितस्य दुस्सहत्वं नाभवत् ।किन्तु २०१८ तमेवर्षे तथा२०१९ तमे वर्षे च राज्यमिदमतितीव्रप्रकृतिक्षोभेन कलुषितमभवत्।जनवासस्थानानां विनाशः मानवादीनां प्राणनाशः ,कृषिभूमेः विदारणम्,जलसम्पदां शोषणम् च तेन प्रकृतिक्षोभेन संभूतमित्येतत् भयावहमेव। अत एवायं देशोपि प्रकृतिविनाशबन्धात् विमुक्तो नैवेति सुस्थापितः।**

**भारतस्य बहुषु राज्येषु भूकम्पः ,सूर्यातपः,जसक्षोभः,अचलपातः,व्याधयः इत्यादयः मद्देशे न बाधते इति मूढविचारं पालयन्तः केरलीयाः संभूतं प्रकृतिदुरन्तं वीक्ष्य भयचकिताःसन्तःवर्तन्ते। २०१८ तमे वर्षे सञ्जाते जलक्षोभे प्रवर्षे च शताधिकाःजनाःमृताः,तथा ३००० कोटिरुप्यकाणां नाशनष्टानि च संभूतानि। वर्षेस्मिन् प्रायः**

२००० कोटिरुप्यकाणां विभवनाशाश्च समजायन्त। केरलं तु उपभोक्तृप्रधानं राज्यम् भवति। राज्यस्यास्य संपच्छेखरः दैनंदिनव्यवहारायैव अपर्याप्तः भवति। तादृश्यामवस्थायाम् अप्रतीक्षितम् अतितीव्रं च प्रकृतिक्षोभं ततुं तथा पुनरधिवासप्रवर्तनं कर्तुं च सम्पदा परिक्षीणोयं देशः।अत एव अतिजीवनमपूर्णमसाध्यं च परिणमति।

वस्तुतः दुरितग्रस्तानां संरक्षणं,विनाशितभवनकेदारादीनां पुनस्ससृष्टिश्च दुस्साध्या एव। अस्यामवस्थायां समाजस्य सामान्यजनानां सांस्कारिकसमितीनां तथा व्यावसायिकप्रमुखानां च निर्लोभं साहाय्यम् अत्यन्तापेक्षितमेव। गतवर्षे संभूते प्रकृतिक्षोभे दुरितपथमागतानां जनानां पुनरुज्जीवनम् एकमनसा केरलीयैः सुसाधितमासीत्। सन्दर्भोऽ यं मानवनिस्सहायताभावं ,लोभ-मोह-मद-मात्सर्यादिभावं च परित्यक्तुं तान् अशिक्षयच्च । परन्तु पौनपुन्येन सञ्जातान् प्रकृतिक्षोभान् अतिजेतुं पर्याप्तं नास्तीत्येषः सुचिन्तनीयो विषयः।एवं चेदपि सामान्यजनानांदैवतदेशस्य च सुपालनम् अनिवार्यमेव।

गतवर्षे केरलस्य दक्षिणभूभागाः तथा वर्षेऽ स्मिन् उत्तरभूभागाश्च अतिवृष्ट्या अचलपातेन जलक्षोभेन वा अतिदैन्यतया विदारिताः वर्तन्ते।तादृशी महदापत् भूयोऽ पि भवेत् ।अत एव जनानां तनु-भवन-भौतिकघटकानांम् उपप्लवेभ्यः संरक्षणं शाश्वतरूपेण करणीयमेव। एषः निर्णयः नवजीवनपदेन व्यवह्रियते।

भूभागस्य तथा प्राणस्य च विनाशानन्तरं धनविभवसमाहरणेन पुनस्थापनम् अप्रायोगिकः मार्गःएव। राष्ट्रस्य आधुनिकसाङ्केतिकविद्यायाःसाहाय्येन पूर्वमेव प्रत्यभिज्ञातं दुरन्तं निवारयितुं भरणकर्तृभिः नियमनिर्माणं कृत्वा तस्योपस्थापनमपि करणीयम्।तत्तु

सविजयं निर्वोढुं तत्तदभिज्ञैःशास्त्रज्ञैः सह समालोच्य ,जनान् यथाविधि उद्बोधयित्वा च निर्लुप्तनियमानुष्ठानेन आयोजनीया एव।

विनाशितान् भूभागान्  तथा शिष्टान् भूभागान् च दुरन्तपीडाभ्यः विमोचयितुं समग्रं सक्षमं सफलं च प्रवर्तनक्रमीकरणम्  अतिगौरवं करणीयम्। कष्टे पतितानां जनानां सुखपथानयनाय केरलराज्यस्य सुस्थितिपालनाय च नवकेरलनिर्मितिरिति भावनया प्रयत्नाःआयोजनीयाः। तादृशाः प्रयत्नाःहि नवजीवनमिति याथार्थ्यं पोषयति।

राष्ट्रिय-धर्म-जाति-वर्ग-वर्णभावनाः विहाय एकमनसा एकीभूतप्रवर्तनेन नवकेरलं नवजीवनमिति मन्त्रेण निस्वार्थप्रवर्तनानि कार्याणि भवन्ति। राज्यस्य सकलविधां पुरोगतिं पुरस्कृत्य,हीनांशान् सुदूरं नीत्वा भेदभावानां विना प्रवर्तनानि आयोजनीयानि।तत्र अनुस्यूततापि अनिवार्या एव।पुननिर्माणाय पुनरधिवासाय च सम्पदादिकं संगृह्य आसूत्रितप्रवर्तनानुसारं प्रवर्तनानि समारभ्य च प्रश्ननिर्माणाय यतनीयाः। नदी-समुद्रतीरवासिनः जनाः,पर्वतस्य सानुषु शृङ्गेषु वसन्तः जनाश्च सुरक्षितस्थानं नयेयुः।तेषां वासस्थानानि आपद्बहुलप्रदेशात् निवारणीयानि भवन्ति। परिस्थितिलोलप्रदेशेषु सौधनिर्माणं,अनधिकृतं सिकतापहरणं,भूगर्तखननस्य न्यूनीकरणम् इत्यादीनि निवारणीयानि भवन्ति। तदर्थं नियमनिर्माणं करणीयम् अधिकारिभिः। बृहदाकारकं भवनं रचयन्तः जलं,मृत्,वृक्षाःशिलाः,सिकतम् इत्यादीनि अमितरूपेण उपयुज्य प्रकृतिचूषणं कुൌर्वन्ति। अतः प्रकृतिविनाशकाराणां विभवानाम् उपयोगाभावात् विरमितुं तान् उद्बोधनीयाः।

प्रकृतिपठनप्रवरैःसह आशयविनिमयं कृत्वा शास्त्रीयप्रतिरोधप्रवर्तनानि आयोजयित्वा

अतिकर्कशनयेन सर्वकारः दुरितनिवारणप्रवर्तनाय सज्जःभवितव्यः।यदा यदा जलक्षोभः ,अतिवृष्टिः,अचलपातः,मृत्पतनम् इत्यादिभिः प्राणभवनकृषिनाशाः संभवन्ति तदा तदा यत्किमपि कृत्वा दुरितापनयनाय यतन्ते अधिकारिवर्गः। स तु असमीचिनः मार्गः। तादृशप्रवर्तनेन नवकेरलसृष्टिः नवजीवनसृष्टिर्वा कदापि न भवेत्।

समकालिकदुरन्तं पुरस्कृत्य सर्वकारेण ख्यापिता पद्धतिःआगामिनिकाले दुरितप्रतिरोधाय उपकारिका भवेत्। तत्रैव नवकेरलं नवजीवनम् इत्याशयस्य प्रसक्तिः। स्तुतिरियं मनसि निधाय प्रवर्तितुं सज्जाः जनाः यावच्छक्यं साध्यं तावत् कुर्युः। एवं सामान्यजनानां सर्वकारस्य च परस्पराश्रयत्वेन आदर्शप्रवर्तनानि आचरेयुः। तादृशप्रवर्तनेनैव राज्यमिदं दैवतस्य स्वदेशः इति प्रसिद्धिं प्राप्स्यति।सकलजनहृदि घोषयदिदं नवकेरलं नवजीवनमिति मन्त्रं सार्वकालिकं महत्वं प्राप्स्यति।

# കാർട്ടൂൺ




**അമൃത എസ്.കെ**
**ഒമ്പതാം തരം**

## കവിത

ഷിജു.എം.ടി

# കരുതിവെച്ച ദിനത്തിലെ സമ്മാനം

കരുതി വെച്ച
ഒരു ദിനം
നിനക്കു
സമ്മാനമായി നൽകുന്നുണ്ട്.

എന്റെ
എല്ലാ തിരക്കും
മാറ്റിവെച്ച
ഒരു ദിനം.

എന്റെ
എല്ലാ സമ്പാദ്യവും
നിനക്കുവേണ്ടി
എഴുതിവയ്ക്കുന്ന ദിനം.

എന്റെ
എല്ലാ നന്മയും
നിനക്കു

## പകർന്നു നൽകുന്ന ദിനം.

എന്റെ
എല്ലാ സ്വപ്നങ്ങളും
നിനക്കു മാത്രം
നൽകുന്ന ദിനം
ആ ദിനം.

എനിക്കും
നിനക്കുമറിയാതെ
നിശ്ചയിക്കപ്പെടാത്ത,
നീതികരിക്കാത്ത-
നന്മയുടെ,
വിമർശിക്കാനാവാത്ത-
തിന്മയുടെ
ശീതീകരിച്ച
സ്വപ്നത്തിലെ
ഒരു ദിവസമായിരിക്കും.

കരുതിവെച്ച
ഒരു ദിനം
നിനക്കു മാത്രമേ
ഞാൻ
സമ്മാനമായി നൽകൂ.

കവിത

അഭിലാഷ് രാമൻ

# ഇപ്പോൾ കേൾക്കുന്ന വാർത്തകൾ

അച്ഛാ,
നമുക്ക് സ്വാതന്ത്ര്യം കിട്ടിയത്
നാല്പത്തി ഏഴ് ആഗസ്റ്റ് പതിനഞ്ചിനല്ലാ പോലും.
കാറ്റും മഴയും വെയിലും വെടിയുണ്ടയും വകവയ്ക്കാതെ
പട പൊരുതിയത്
അച്ഛൻ പറഞ്ഞു തന്ന –
യോദ്ധാക്കളല്ലാ പോലും.
ഞാൻ വായിച്ച പുസ്തകങ്ങളിലുള്ളവരല്ലാ പോലും.

നമ്മുടെ  രാഷ്ട്ര പിതാവും രാഷ്ട്രീയ നേതാക്കളും
ഞാൻ അറിഞ്ഞ വരല്ലത്രേ.
നമ്മുടെ രാജ്യത്തിനും രാജ്യാധികാരത്തിനും പുറത്താണ്
നമ്മുടെ ഇടം പോലും.
ഈ നിറവും രുചിയും മണവും
ആരാധനയും വിശ്വാസവും
എന്തിന് നമ്മുടെ സ്വപ്നം പോലും
നമുക്കർഹതപ്പെട്ടതല്ലാ പോലും.
അച്ഛാ,
എനിക്കു പേടിയാവുന്നു
അവർ തീർച്ചയായും പറയും

അച്ഛൻ എന്റെതല്ലെന്ന്
അമ്മയുടെ ഗർഭ പാത്രത്തിലല്ല-
ഞാൻ വളർന്നതെന്ന്.
ശൂലം കൊണ്ട് ഗർഭം പിളർന്ന്
കുഞ്ഞുങ്ങളെ ചുരുണ്ടിയെടുത്തത്
ദൈവ ഹിതമാണെന്ന്.
കേൾക്കേണ്ട പാട്ടുകൾ
വായിക്കാൻ പാടില്ലാത്ത പുസ്തകങ്ങൾ
കാണാതിരിക്കേണ്ട  സിനിമകളും നാടകങ്ങളും
എഴുതേണ്ട സാഹിത്യം
എന്തെന്നും ഏതെന്നും അവർ നിശ്ചയിക്കും.
അച്ഛാ,
ഞാനിന്നലെ ഒരു സ്വപ്നം കണ്ടു
അപകടത്തിൽ പെട്ട്
ആശുപത്രിക്കിടക്കയിലുള്ള എന്റെ രക്തത്തിന്റെ നിറം
കാവി അല്ലാത്തതു കൊണ്ട്
എനിക്ക് ബലമായി നിറം മങ്ങിയ രക്തം-
കുത്തിയിറക്കുന്നത്.
അച്ഛാ,
ഞാൻ കണ്ട സ്വപ്നത്തിൽ നിന്ന്
യാഥാർത്ഥ്യ ത്തിലേക്കുള്ള ദൂരത്തിന്
അകലങ്ങളില്ലെന്ന്
ഇപ്പോൾ കേൾക്കുന്ന വാർത്തകളിലൂടെ-
ഞാൻ അറിയുന്നുണ്ട്.

കവിത

വഹീദ

# സംസാരിക്കുന്ന വൃക്ഷം

രമേഷും സുരേഷും വലിയ സുഹൃത്തായിരുന്നു. അവർ സന്തോഷിന്റെ വീട്ടിൽ വയലിൽ ജോലി ചെയ്തായിരുന്നു ജീവിച്ചിരുന്നത്.ദിവസം മുഴുവനും കഠിനമായി അധ്വാനിക്കും.സന്തോഷ് അവർക്ക് വൈകുന്നേരം പണം കൊടുക്കും. ഒരു ദിവസം അവർ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ സുരേഷൻ രമേഷിനോട് പറഞ്ഞു. നമുക്ക് പട്ടണത്തിൽ പോകാം അപ്പോൾ നമുക്ക് കുറേ കൂടി സമ്പാദിക്കാം. അത് രമേഷിന് ശരിയാണെന്നു തോന്നി. അങ്ങനെ അവർ പട്ടണത്തിൽ പോയി.അവിടെ നിന്നും കുറേ പണം സംമ്പാദിച്ചു. അപ്പോൾ രമേശൻ പറഞ്ഞു എനിക്ക് ഗ്രാമത്തിന്റെ ഓർമ വരുന്നു. സുരേഷനും അതു തന്നെ പറഞ്ഞു.അങ്ങനെ അവർ ഗ്രാമത്തിലേക്ക് പോയി .അപ്പോൾ രമേഷൻ പറഞ്ഞു. ഈ പണം മുഴുവനും എടുത്താൽ തീരും അത് കൊണ്ട് പകുതി പണം നമുക്കീ മരപ്പൊത്തിൽ ഒളിപ്പിച്ചു വെക്കാം. അങ്ങനെ പറഞ്ഞ് അവർ കുറച്ച് പണം എടുത്തിട്ട് ബാക്കിയുള്ള പണം അവർ മരപ്പൊത്തിൽ വെച്ചു. എന്നിട്ട് അവർ ഇരുവരും വീട്ടിലേക്ക് പോയി.അപ്പോൾ രമേഷന്റെ ഭാര്യ പരഞ്ഞു നിങ്ങൾ ഇത്ര മാത്രമേ സംമ്പാദിച്ചിട്ടുള്ളു.ഈ പണം കൊണ്ടു എനിക്കൊരു മാല വാങ്ങാൻ പോലും കഴിയില്ല. അപ്പോൾ രമേഷൻ പറഞ്ഞു നീ എന്താണ് കരുതിയത് എനിക്ക് കുറച്ച് പണം മാത്രം കിട്ടിയത് എന്നൊ... അല്ല ഞാൻ ബാക്കി

പണം മരപ്പൊത്തിൽ ഒളിപ്പിച്ചപ വച്ചു.അത് കേട്ടപ്പോൾ രമേഷന്റെ ഭാര്യക്ക് സന്തോഷമായി.എന്നിട്ട് രമേഷനും സുരേഷനും മരപ്പൊത്തിനടുത്ത് പോയി. ആദ്യം രമേഷൻ മരപ്പൊത്തിൽ കൈയിട്ടു, അപ്പോൾ പണം അതിനകത്ത് ഇല്ലായിരുന്നു.പിന്നീട് സുരേഷ് കൈയിട്ടു. അപ്പോഴും പണം അതിനകത്ത് ഉണ്ടായിരുന്നില്ല. അപ്പോൾ സുരേഷൻ പറഞ്ഞു ഈ പണം കട്ടത് രമേഷൻ ആണെന്ന്, അപ്പോൾ രമേഷൻപറഞ്ഞു പണം കട്ടത് സുരേഷൻ ആണെന്ന് . അങ്ങനെ അവർ തമ്മിൽ വഴക്കായി.അപ്പോൾ സുരേഷൻ പറഞ്ഞു ഇങ്ങനെ വിട്ടാൽ പറ്റില്ല നമുക്ക് പ്രസിഡന്റോട് പറയാം. പ്രസിഡന്റിനെ കണ്ടു.പ്രസിഡന്റെ പറഞ്ഞു ഇത് വലിയ പ്രശ്നമാണെന്ന്.. ഇതിനെന്താ ഒരു പരിഹാരം. വീണ്ടും രമേഷനും സുരേഷനും തല്ലായി. അപ്പോൾ രമേശൻ പറഞ്ഞു ഈ മരത്തിൽ ഒരു ദേവിയുണ്ട്.നമുക്ക് ദേവിയോട് ചോദിക്കാം എന്നിട്ട് രമേഷൻ ചോദിച്ചു ദേവി മാതാവെ ഈ പണം ആരാണ് കട്ടത്,അങ്ങ് തന്നെ പറഞ്ഞാലും അപ്പോൾ മരത്തിനുള്ളിൽ നിന്നും ദേവി പറഞ്ഞു ഈ പണം മോശഷ്ടിച്ചത് സുരേഷനാണ്. അവൻ രാത്രി ആരും കാണാതെ വന്ന് മോഷ്ടിച്ചതാണ് സുരേഷൻ പറഞ്ഞു ഞാനല്ല ഈ പണം മോഷ്ടിച്ചത്....ഈ ദേവി കള്ളം പറയുന്നതാണ്..അങ്ങനെ പറഞ്ഞ് സുരേഷൻ ആ മരത്തിന് തീകൊടുത്തു.അപ്പോൾ ആ മരത്തിൽ നിന്ന് ഒരു കരച്ചിൽ കേട്ടു. അയ്യോ എന്ന രക്ഷിക്കണേ..... നോക്കുമ്പോഴേക്ക് അത് രമേഷന്റെ ഭാര്യ ആയിരുന്നു. അപ്പോൾ രമേഷൻ സത്യങ്ങളൊക്കെ തുറന്നു പറഞ്ഞു. രമേഷൻ ആയിരുന്നു പണം മോഷ്ടിച്ചത്....സത്യം എല്ലാവരും അറിഞ്ഞു.പണം മുഴുവൻ സുരേഷിനു കൊടുത്തു.രമേഷൻ പാവപ്പെട്ടവനായി.

"അത് കൊണ്ടാണ് പറയുന്നത് കളവ് ആരും പറയരുതെന്ന് "

കഥ

# കുന്നിന്റെ നിലവിളി

നേഹ കൃഷ്ണ

ഒരു നാട് .ഭംഗിയാർന്ന മലനിരകളുള്ള പൂക്കളുകളുള്ള നാട്. അവിടെ ഒരു പച്ചയാർന്ന കുന്നുണ്ടായിരുന്നു. കുട്ടികളുടെ കളി ചിരികളും പശുവിന്റേയും ആടിന്റെയും പക്ഷികളുടെയും കലപില ശബ്ദങ്ങൾ നിറഞ്ഞ കുന്നിൻ ചെരിവ്  എന്നും കുട്ടികൾ കളിച്ചിരുന്നത് ഈ കുന്നിൽ മുകളിലായിരുന്നു.എത്ര ഭംഗിയായിരുന്നു ഈ കുന്നിൻ ചെരിവ് എന്നറിയാമോ? കുന്നിന്റെ മക്കൾ എന്നറിയപ്പെടുന്നത് വേറെ ആരും ആയിരുന്നില്ല. നമ്മുടെ പൊന്നുവും അപ്പുവും.ഇവർ രണ്ടു പേരും കിടന്നുറങ്ങുന്നത് ഇവിടെയായിരുന്നില്ല എന്ന് മാത്രം.നാട്ടുകാരും വീട്ടുകാരും കൂട്ടുകാരും കുന്നിന്റെ മക്കൾ എന്നായിരുന്നു ഇവരെ വിളിച്ചിരുന്നത്.അനവരതം കുട്ടികളും ഇവിടെ കളിക്കുമായിരുന്നു.എന്നാൽ അവർക്കാർക്കും ലഭിക്കാത്ത ഈ കുന്നിന്റെ മക്കൾ എന്ന നാമം ഇവർക്ക് മാത്രമാണ് നേടാൻ സാധിച്ചത്. എന്തുകൊണ്ടായിരിക്കാം?അപ്പുവും പൊന്നുവും വലിയ പറമ്പ ജി.എച്ച്.എസിലെ മികവ് തെളിയിക്കുന്ന വിദ്യാർഥികളാണ്.എന്നും സ്കൂൾ വിട്ട് കഴിഞ്ഞാൽ അവർ കുന്നിൻ മുകളിലായിരുന്നു. പാട്ടു പാടിയും ഒളിച്ചിരുന്നും കഥ പറഞ്ഞും നടന്നിരുന്നത് ആ കുന്നിൻ മുകളിലായിരുന്നു. എത്ര കുട്ടികൾ അവിടെ കളിച്ചിരുന്നു. എന്നാൽ അവരാരും തന്നെ അവിടെ രാവും പകലും കുന്നിൻ  ചരിവിൽ സമയം ചെലവഴിച്ചിട്ടുണ്ടാവില്ല. എന്നാൽ പൊന്നുവും അപ്പുവും കിടന്നുറങ്ങുന്നത് അവിടെയായിരുന്നില്ല. അവധിക്കാലത്തും സ്കൂൾ വിട്ടു

കഴിഞ്ഞാലും  അവിടെ തന്നെ .ഇതു കൊണ്ടായിരിക്കും അവർക്ക് പേര് കിട്ടിയത്.

ഒരിക്കൽ നാട്ടു മുഴുവൻ ഒരു വാർത്ത പടർന്നു.പ്ലാത്തി മല കുന്നിന് നാശം സംഭവിക്കുകയാണെന്ന്. ഇതറിഞ്ഞ അപ്പു പൊന്നുവിനോട് ഈ കാര്യം പറഞ്ഞു.ഇതറിഞ്ഞ അവൾ ഇങ്ങനെ പറഞ്ഞു." ഇനി നമ്മൾ എന്ത് ചെയ്യും അപ്പു ?. പകലന്തിയോളം നമ്മൾ ചെലവഴിച്ചത് ഇവിടെ അല്ലേ? എന്താണ് ആ നാശം എന്ന് നിനക്കറിയാമോ?". ഇല്ല എന്ന് അപ്പു മറുപടിയായി പറഞ്ഞു. നാശം എന്താണെന്ന് അവർ മനസ്സിലാക്കി. കുന്ന് ഇടിക്കാൻ പോവ്വാണെന്ന്. ഇതറിഞ്ഞ കുന്നിന്റെ മക്കൾ കരയാൻ തുടങ്ങി. എത്ര സങ്കമായി എത്ര സങ്കടമായിട്ടുണ്ടവും. അവധി ദിനങ്ങളിലും അവർ അവിടെ തന്നെയായിരുന്നില്ലേ. കുന്നിടിക്കാൻ മണ്ണുമാന്തിയന്ത്രം പ്ലാത്തി മല കുന്നിന് മുകളിലെത്തി. കുന്നിടിക്കാനാരംഭിച്ചു. മണ്ണുമാന്തിയന്ത്രത്തിന്റെ മുന്നിലേക്ക് അവർ രണ്ടു പേരും കുതിച്ചുപാടി. കുന്നിനെ ഇടിക്കരുതെന്ന് കരഞ്ഞ് പറഞ്ഞിട്ടും ആരും കേട്ടില്ല. മാനസികനില തകരാറിലായവരെ പോലെ അവർ രണ്ടു പേരും അവിടെ അനങ്ങാതെ നിന്നു. എത്ര നാളുകൾ കുന്നിനു മുകളിൽ ചെലവഴിച്ചു.രാവും പകലുമെന്നില്ലാതെ. എന്നിട്ട് ആരും കേട്ട ഭാവം നടിച്ചില്ല. കുന്നിന്റെ അന്ത്യം കഴിഞ്ഞു. കുന്നിന്റെ നാശം പാവം നാട്ടുകാരെയാണ് ബാധിക്കുന്നതന്ന് നാട്ടുകാർ അറിഞ്ഞില്ല. കുന്ന് ഉണ്ടായിരുന്ന സ്ഥലത്ത് ഇപ്പോൾ ഒരു ഫാക്ടറി ആയിരിക്കുന്നു. ഫാക്ടറിയിലെ പുകയുടെ മോശമായ ഗന്ധം നാട്ടുകാരെ ങ്ങക്കെ ബാധിക്കാനിടയാക്കി. ഫാക്ടറിയിലെ മലിനജലം ഒഴുക്കിവിടുന്നത് ശുദ്ധമായ പുഴയിലേക്കായിരുന്നു. നാട്ടുകാരുടെ സ്രോതസ്സായിരുന്ന ആ പുഴയുടെ നാശം അവിടെ സംഭവിച്ചു. ജലജീവികൾ ചത്തുപൊങ്ങി. നാട്ടിലാകെ വരൾച്ച, അങ്ങനെ പറയാൻ വയ്യ കൊടും വരൾച്ച .കുന്നിന്റെ

നാശം നാട്ടിലാകെ സംസാരമായത് ഇപ്പോഴായിരുന്നു.പട്ടിണിയും വരൾച്ചയും നാട്ടിനെയാകെ അലട്ടി. അപ്പുവിന്റെയും പൊന്നുവിന്റെയും വാക്ക് കേട്ടാ മതിയായിരുന്നുവെന്നവർക്ക് തോന്നി. വരൾച്ച നാട്ടിലെ ജനങ്ങളുടെ ജീവനെടുത്തു. സ്വപ്നങ്ങൾ പൂർത്തിയാകാതെ അവർ യാത്രയായി അവരുടേതായ ലോകത്തേക്ക്." ഇനിയൊരു യുദ്ധം സംരക്ഷണത്തിനും കുടിവെള്ളത്തിനും വേണ്ടിയാകട്ടെ" കുന്നുകൾ ഇല്ലാത്തത് നാടിന് ഭീഷണിയാണെന്ന് ഒരിക്കലും അവർ ചിന്തിച്ചിരുന്നില്ല. കുന്ന് ഒരു പ്രോതസ്സാണ്.അത് നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. തിരിച്ചറിവില്ലാത്ത നാട്ടുകാർ ഇതൊന്നും തിരിച്ചറിഞ്ഞില്ല. മഴവെള്ളം സംഭരിക്കുന്നതും നാടിനെ സംരക്ഷിക്കുന്നതും കുന്നാണ് എന്ന തിരിച്ചറിവില്ലാത്തതാണ് വലിയപറമ്പ നാട്ടിലെ ജനങ്ങളുടെ നാശത്തിന് കാരണമായത് എന്ന തോന്നൽ അടുത്തുള്ള പ്രദേശത്തെ നാട്ടുകാർക്ക് മനസിലായി. ഒരാളായിരുന്നില്ല. അവിടെ പ്ലാത്തി മല കുന്നിനു പരിസരത്തുള്ള നാട്ടുകാരിൽ ഇല്ലാതായത് കൂട്ടത്തോടെ നാട്ടുകാർ മുഴുവനുമാണ്. അവർ പറഞ്ഞു അത്തപ്രദേശ നിവാസികൾ, "അവർ യാത്രയായി കുന്നിന്റെ മക്കളുടെ വാക്കു കേൾക്കാതെ ".

## കവിത

സീന തച്ചങ്ങാട്

# പച്ച

തളിർത്തതറിഞ്ഞില്ല.
നിവർന്നു നിന്ന് വേണ്ടുവോളം
തീറ്റിച്ചും, കുടിപ്പിച്ചും
കുനിഞ്ഞു വന്ന്
ക്ഷനയായ് തീർന്നതൊന്നും
അറിഞ്ഞതു പോലുമില്ല.
മറഞ്ഞു നിൽക്കാൻ തോന്നുമ്പോൾ മാത്രം
മനസ്സിലെന്തോ.....
ആരോ...
പിറുപിറുക്കുന്നുണ്ട്.
വാട്സാപ്പിൽ ഒരു പച്ച എഴുത്തുണ്ട്.
അതങ്ങനെ കുറുകിപ്പോവുമ്പോൾ
ആകാംക്ഷയോടെ,
അളവില്ലാത്ത സന്തോഷത്തോടെ
കാത്തിരിക്കാറുണ്ട്.
പച്ച ജനിക്കുകയാണല്ലോ,
അല്ല മരിക്കുകയാണല്ലോ.

# ശേഷിപ്പുകൾ

കഴിഞ്ഞു പോയിരിക്കുന്നു.

കണ്ണീരിനു കണക്ക് ചോദിക്കാൻ

കാണപ്പെടാത്തവർ വരുമെന്ന് വിചാരിച്ചിരുന്ന കാലം.

കടന്നു പോയിരിക്കുന്നു.

ഉള്ളിലൊളിപ്പിച്ച വിങ്ങലും തേങ്ങലും.

ഉറയൊഴിച്ചിരിക്കുന്നു,

ഒരു ചിരട്ടപ്പാലിന്റെ വെണ്മയിൽ

വിതുമ്പലില്ലാതെ.

പുറത്തേക്കെറിഞ്ഞിരിക്കുന്നു.

പുക മൂടിയ പകലിനെ,

പുറം തിരിഞ്ഞിരുന്ന പകയെ.

പ്രഖ്യാപിക്കുക

കണ്ടത് കളവല്ലെന്നും

കേട്ടത് നുണയല്ലെന്നും..